അനുബന്ധങ്ങൾ

(അനുബന്ധം. എച്ച് 4)

**നോട്ടീസ്**

കോഴിക്കോട്, തൂണേരി, ക്ഷീരവികസന യൂണിറ്റ് ഓഫീസിലെ ക്ഷീരവികസന ഓഫീസറായിരുന്ന ശ്രീ അനൂപ് വി കർത്ത, എന്ന താങ്കൾക്ക്, KSR Part I, Appendix XII A പ്രകാരം 17.03.2004 മുതൽ 16.03.2024 വരെ ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവായിരുന്നു. എന്നാൽ അവധി കഴിഞ്ഞ് തിരികെ 17.03.2024-ന് ജോലിയിൽ പ്രവേശിക്കേണ്ടിയിരുന്ന താങ്കൾ ജോലിയിൽ പ്രവേശിക്കാതെ നിരുത്തരവാദപരമായി ഓഫീസിൽ നിന്ന് വിട്ട് നിൽക്കുകയാണ്. ആയതിൽ വിശദീകരണം ആവശ്യപ്പെട്ട കൊണ്ട് കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നെങ്കിലും മറുപടി ഒന്നും ലഭ്യമായിരുന്നില്ല. കൂടാതെ താങ്കളുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടില്ലാത്തതുമാണ്.

പ്രസ്തുത സാഹചര്യത്തിൽ കെ എസ് & എസ് എസ് ആർ പാർട്ട് II, റൂൾ 19 (a) (ii) പ്രകാരം താങ്കളുടെ പ്രൊബേഷൻ അവസാനിപ്പിക്കുവാനും സർവ്വീസിൽ നിന്നും Discharge ചെയ്യുവാനും തീരുമാനിച്ചിരിക്കുന്നു എന്നറിയിച്ച് കൊണ്ടുള്ള 02.01.2026 തീയതിയിലെ നോട്ടീസ് താങ്കളുടെ മേൽവിലാസത്തിൽ അയച്ച് നൽകുകയും ആയത് കൈപ്പറ്റാതെ തിരികെ ലഭിക്കുകയും ചെയ്തിരുന്നു.

ആയതിനാൽ ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന ദിവസം മുതൽ 15 ദിവസത്തിനുള്ളിൽ പ്രസ്തുത തീരുമാനത്തിനെതിരെ എന്തെങ്കിലും പ്രതിവാദ പത്രിക താങ്കൾക്ക് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ബോധിപ്പിക്കേണ്ടതും, നിശ്ചിത കാലാവധിക്കുള്ളിൽ പ്രതിവാദപത്രിക ഒന്നും ലഭിക്കുന്നില്ലായെങ്കിൽ ഇക്കാര്യത്തിൽ ശ്രീ അനൂപ് വി കർത്തയ്ക്ക് യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനാണ്.

ഡയറക്ടർ
ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റ്
തിരുവനന്തപുരം

ശ്രീ അനൂപ് വി കർത്ത
ക്ഷീരവികസന ഓഫീസർ ( ശൂന്യവേതനാവധിയിൽ)
Souparnika
Koothattukulam P O
Ernakulam - 686662

Digitally signed by
Salini Gopinath
Date: 13-02-2026
14:37:44

നമ്പർ: DDDKER/5062/2025-ES2 : തിരുവനന്തപുരം: 13-02-2026